# മറ്റക്കര എച്ച്.എസ്.എസ്


# ജാലകം



ഇത് ജാലകം...............

നാളെയുടെ സ്വപ്നങ്ങളിലേയ്ക്ക്
പ്രതീക്ഷകളിലേയ്ക്ക് ......
തുറക്കുന്ന ജാലകം
വഴിയറിയാത്ത കൗമാരത്തിന്റെ
അസ്വാസ്ഥ്യങ്ങൾക്കിടയിലും
സഹൃദയ സമക്ഷം
ഞങ്ങൾ സവിനയം സമർപ്പിക്കുന്നു ..........





ധന്യ വി
ഹെഡ്മിസ്ട്രസ്
മറ്റക്കരഹൈസ്കൂൾ

മറ്റക്കര ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'ജാലകം 'നിങ്ങളുടെ മുന്നിലേയ്ക്കെത്തുന്നു. അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾക്കും അഭിനന്ദങ്ങൾ.. വിദ്യാഭ്യാസപ്രക്രിയയിൽ പഠനത്തോടൊപ്പം തന്നെ പഠ്യേതരപ്രവർത്തനങ്ങൾക്കും സ്ഥാനമുണ്ട്. ആധുനികസാങ്കേതിക വിദ്യകളുടെ വരവോടുകൂടി വിദ്യാഭ്യാസമേഖലയിലും മാറ്റങ്ങൾ ദൃശ്യമാകുന്നുണ്ട്.കാലത്തിനുമുമ്പേ നടക്കുന്നവരായിരിക്കണം നമ്മുടെ കുട്ടികൾ. കൂടുതൽ ആത്മവിശ്വാസത്തോടെ അവർ ജീവിതത്തെ അഭിമുഖീകരിക്കട്ടെ. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.



*Team behind moulding "JAALAKAM."....*

# EDITORIAL BOARD

അക്ഷരങ്ങൾ .................

പടക്കോപ്പുകളെക്കാൾ
പോർവിമാനങ്ങളെക്കാൾ
ശക്തമായത് ................

കറുത്തവരുടെ മോചനത്തിന് വേണ്ടി തൂലിക ചലിപ്പിച്ചതിനു
തൂക്കിലേറ്റപ്പെട്ട

ദക്ഷിണാഫ്രിക്കൻ കവി ബെഞ്ചമിൻ മോളോയിസ്
മുതൽ .............

കൊച്ചു കേരളത്തിന്റെ കമലാദാസ് വരെ .

അക്ഷരം അഗ്നിയാക്കിയവർ .......

ആ അഗ്നിയിൽ സ്വയം എരിഞ്ഞവർ ............

അവർക്കാവട്ടെ ഈ സ്നേഹാക്ഷരങ്ങൾ ..........

സ്നേഹപൂർവ്വം ,

സ്റ്റാഫ് എഡിറ്റർ

# ആമുഖം

മറ്റക്കര ............. മാറ്റങ്ങളുടെ നാട് !

നിരവധി കലാകാരന്മാരുടെ ജന്മനാട് .പ്രൈമറിസ്കൂൾ മാത്രമുണ്ടായിരുന്ന മറ്റക്കരയിൽ 151- ാം എൻ. എസ് .എസ് കരയോഗം ഭാരവാഹികളുടെ ശ്രമഫലമായി കരയോഗാംഗങ്ങളിൽ നിന്ന് സൗജന്യമായി ലഭിച്ച സ്ഥലത്തു നാട്ടുകാരുടെ സഹകരണത്തോടെ സ്കൂൾ കെട്ടിടം നിർമിച്ചു . 1954 ൽ യു . പി സ്കൂളായി പ്രവർത്തനം ആരംഭിച്ചു. 1976 ൽ ഹൈസ്കൂളായും 2014 ൽ ഹയർസെക്കണ്ടറിയായും ഉയർത്തപ്പെട്ടു .നാടിന്റെ നാമധേയത്തിൽ നിലകൊള്ളുന്ന സ്കൂൾ ഒരു നാടിന്റെ മുഴുവൻ അനുഗ്രഹാശിസ്സുകളോടെ 69 -ാം വയസ്സിലെത്തിച്ചേർന്നിരിക്കുന്നു .

ഈ സ്കൂളിലെ കുരുന്നുപ്രതിഭകളുടെ സർഗ്ഗവൈഭവങ്ങൾ മറ്റക്കരഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 'ജാലകം ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിനാക്കി സവിനയം സമർപ്പിക്കുന്നു .



# ചിത്രശലഭം

ഐറിൻ 9 B

പാറിപ്പറക്കും ശലഭങ്ങളെ നിങ്ങൾ
പാരതിൻ നെറ്റിയിൽ പാൽനിലാവായ്
വിണ്ണിൽ തിളങ്ങുന്ന താരങ്ങളെപോലെ
മണ്ണിൽ പറക്കും പറവ നിങ്ങൾ

കാണുന്നു ഞാൻ നിന്നെ നേർകുളിർക്കേ
എന്റെ പാണിയിൽ വെക്കുവാൻ മോഹമിന്ന്
ഇല്ലില്ലറിയില്ല നിന്നായുസ്സിൻ നീളവും
ചൊല്ലില്ല അയതുമാരു പോലും

എത്ര നാളെന്ന് അറിയില്ലാതാർക്കുമേ
തത്ര വേഗം തീരുമെന്നറിവിൻ ആദ്യമൊരു ചെറു മുട്ട നീ
യാദ്യമായി ഞാൻ കാണും നേരത്തിലും

പറ്റിപിടിച്ചില തന്നിലൊതുങ്ങി നീ
പറ്റാതെ പങ്കവും നിൻ മേനിയിൽ
മാറി നീ രൂപവും താനെ ചെറു പുഴു
ചീറി വരുന്നൊരു തീവണ്ടി പോലെ

എന്നോ ഒളിച്ചു നീയേതോ മറന്നതിൽ
വന്നീടാതാരുമേയാക്രമിക്കാൻ
എന്തു വികൃതം നീയന്നേരം നിൻ രൂപം
ചന്തമെന്നൊന്നന്ന് തീണ്ടിയില്ല.



# അമ്മ

-പാർവതി എസ്  നായർ

കത്തി ജ്വലിക്കുന്ന  സ്നേഹമാണമ്മ
വാത്സല്യം കൊണ്ടെന്നെ മൂടുമെന്നമ്മ
കരുതലോടെന്നെ വളർത്തിയൊരമ്മ
അമ്മ തൻ സ്നേഹത്തിൽ ചേർന്നലിയുന്നു ഞാൻ .
എൻജീവനേക്കാൾ സ്നേഹിക്കുമോരമ്മ
ദൈവത്തെപ്പോലെഞാൻ കാണുന്നൊരമ്മ
എൻ ജീവനേക്കാൾ പുണ്യമാണമ്മ
എന്നമ്മയെയാണെനിക്കേറെയിഷ്ടം .
എനിക്കെന്നും തണലാകുമെന്നമ്മ
ശാസിക്കു മെങ്കിലും ഇഷ്ടമാണമ്മയെ
കണ്ണായും  കരളായും സ്നേഹിക്കുമമ്മയെ
അമ്മയില്ലെങ്കിലെൻ ജീവനില്ല
ദേവനും കാലനും ആരൊക്കെ വന്നാലും
എന്നമ്മയെ വിട്ടു ഞാൻ പോകയില്ല
കാലമെത്ര കടന്നു പോയാലും
എന്നമ്മയെ വിട്ടു ഞാൻ പോകയില്ല .



ഇവളാം  ദുഃഖ ശിലയെ തൊട്ടു മന്ദമുണർത്തുവാൻ
ഇവളെക്കയ്പിടിച്ചിന്നിൻ വെളിച്ചത്തേയ്ക്കിറക്കുവാൻ
ഇവൾ തൻ കണ്ണീരൊപ്പാൻ ഉണ്ണിയൊന്നു  പിറക്കുമോ..........



# പപ്പടം

-അമൃതവർഷിണി എസ് നായർ

ചുണയില്ലാത്തോരെന്നെ
നിങ്ങൾ എണ്ണയിലിട്ടു വറക്കുമ്പോൾ
സുന്ദരിയാകും എൻ മേനിയിലും
മഞ്ഞപ്പുടവകളണിയുമ്പോൾ
ചോറിനൊപ്പം എന്നെയിരുത്തും
സ്ഥാനം തെറ്റാതെന്നെന്നും
കുട്ടിനു വായോ പരിപ്പുക്കുട്ടാ
കുട്ടി തിന്നാനാവോളം.



# കൗതുകവാർത്തകൾ

ചീങ്കണ്ണികൾക്ക് നാവു വെളിയിലേക്ക് നീട്ടാൻ കഴിയില്ല .

വയറ്റിൽ പല്ലുള്ള ജീവിയാണ് ഞണ്ട് .

നീലത്തിമിംഗലത്തിന് ഇരുപതിലധികം ആഫ്രിക്കൻ ആനകളുടെ ഭാരമുണ്ടാകും .


ഒരു സീബ്രയുടെ വരകൾ മറ്റൊരു സിബ്രയ്ക്ക് ഉണ്ടാവില്ല .


ആനയുടെ തുമ്പിക്കയ്യിൽ നാൽപ്പതിനായിരം  പേശികളുണ്ട് .മനുഷ്യ ശരീരത്തിൽ ആകെ അറുനൂറ്റമ്പത് പേശികളേയുള്ളു .


ആടുകൾക്ക് വായിൽ മുകളിൽ മുൻനിരയിൽ പല്ലുകളില്ല .

സംസാരിക്കുമ്പോൾ നമ്മൾ എഴുപത്തി രണ്ടു പേശികൾ ഉപയോഗിക്കുന്നുണ്ട് .

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ കഴിയുന്ന ഒരാൾ ഇരുപത്തി നാലു മണിക്കൂറിനിടയിൽ പതിനാറു  സൂര്യോദയവും അത്ര തന്നെ അസ്തമയവും കാണും




മറ്റക്കര ഹയർസെക്കന്ററിസ്കൂൾ
മറ്റക്കര


എന്റെ വിദ്യാലയം
NIKHIL S PRAVEEN
IX - C

# ദേശാടനം

-ലക്ഷ്മി എച്ച്

പുതിയ തീരത്തെത്തി ഞാനമെന്നമ്മയും
പുതുമകളെന്നുമെൻ ജീവിതത്തിൽ
നിറയട്ടെ എന്നെന്റെ 'അമ്മ പറഞ്ഞതും
നിറയുന്നകണ്ണുകൾ മെല്ലെത്തുടച്ചതും
അറിയുന്നു ഞാനിന്ന് അമ്മയിലിന്നെന്റെ-
നോവുകളറിയാതെ പറയാതെ യാത്രയായ്

പുതിയ ആകാശങ്ങൾ തേടി ഞാൻ പോകുന്നു
മതിയാതെ സ്വർഗങ്ങൾ സ്വപ്നത്തിലെത്തുന്നു
എങ്കിലും അമ്മയെക്കൂടാതെ ജീവിതം
പങ്കിലമാകുമെന്നോർത്തു ഭയക്കുന്നു

അമ്മയില്ലാതെന്റെ സ്വപ്നങ്ങളില്ല
അമ്മയില്ലെങ്കിൽ ചിറകുകളും
കദനവാളാൽ പിടയുന്നു ഹൃത്തടം
ഈ കദനമമ്മേ മറക്കുവതെങ്ങനെ .............




STOP PLASTIC POLLUTION
SAVE OUR EARTH FROM PLASTIC


Beat Plastic Pollution
Save Earth
Avoid Items
Made with plastic
VI B

# അഭിമുഖം

-ഡോ. ഇ ഉണ്ണികൃഷ്ണൻ

ഡോ ഇ. ഉണ്ണികൃഷ്ണനുമായി മറ്റക്കര ' മന്ദാരം' സീഡ് ക്ലബ് അംഗങ്ങൾ നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

പയ്യന്നൂർ സ്വദേശിയായ ഡോ ഇ ഉണ്ണികൃഷ്ണൻ 35 വർഷമായി പരിസ്ഥിതി രംഗത്ത് പ്രവർത്തിച്ചു വരുന്നു. പ്രമുഖ കാവു ഗവേഷകനായ അദ്ദേഹത്തിന്റെ 'ഉത്തര കേരളത്തിലെ വിശുദ്ധവനങ്ങൾ' എന്ന പുസ്തകം കാവുകളെക്കുറിച്ചുള്ള ലോകത്തിലെ ആദ്യത്തെ സമഗ്ര പഠനമാണ്.

**പ്രകൃതി പഠനത്തോട്, പ്രത്യേകിച്ചു കാവുകളുടെ പഠനത്തോട് സാറിന് താല്പര്യമുണ്ടാകാനുള്ള കാരണമെന്താണ്?**

എന്റെ നാട് കണ്ണൂർജില്ലയിലെ പയ്യന്നൂരിലാണ് . പയ്യന്നൂരിൽ വളരെ പണ്ട് തന്നെ പരിസ്ഥിതി രംഗത്ത് വളരെയധികം പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച സംഘടനകളും വ്യക്തികളുമുണ്ടായിരുന്നു. പയ്യന്നൂരിൽ SEEK (Society for Environmental Education for Kerala)എന്ന ഒരു സംഘടന ഉണ്ടായിരുന്നു.സീക്ക് സ്ഥാപിച്ചത് ജോൺസി ജേക്കബ് എന്ന കോട്ടയംകാരനായ ഒരു അധ്യാപകനാണ് . സീക്ക് , 'സൂചീ മുഖി' എന്ന പേരിൽ ഒരു പരിസ്ഥിതി മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. 1978 ൽ, ഞാൻ ഏഴാംക്ലാസ്സിൽ പഠിക്കുന്ന സമയത്ത്, സൈലന്റ് വാലി അണക്കെട്ടിനെതിരെ ഒരു പ്രക്ഷോഭം നടന്നു. അന്നുണ്ടായിരുന്ന എക്കോ ക്ലബ്ബിലെ കുട്ടികൾ ഒരു പ്രകടനം നടത്തി. ഈ സമരത്തിൽ ഞങ്ങളും പങ്കെടുത്തു. 78 ലെ ഈ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത് സീക്ക് സംഘടനയും ജോൺസി മാഷുമാണ്. ജോൺസി ജേക്കബ് മാഷ് കൊളുത്തിയ ഒരു തിരി - പരിസ്ഥിതി ബോധത്തിന്റെ വെളിച്ചം - അതാണ് എന്നെ ഇവിടെ ഇരുത്തുന്നത്. എന്തുകൊണ്ട് വന്നു എന്നു ചോദിച്ചാൽ, അതിനുമറുപടി എനിക്ക് ഒരു നല്ല ഗുരുവുണ്ടായിരുന്നു എന്നതാണ്.

**കേരളത്തിലെ കാവുകളെക്കുറിച്ചാണ് സാർ പഠിച്ചതും എഴുതിയതും. കേരളത്തിന് പുറത്തും ഇത്തരം കാവുകളുണ്ടോ?**

കാവുകളെ 'വിശുദ്ധവനങ്ങൾ(Sacred Groves) ലോകത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. രാജസ്ഥാനിൽ 'കെൻക്രി' എന്ന പേരിൽ കാവുകളുണ്ട്. തമിഴ്നാട്ടിൽ കാവുകളുണ്ട്, കർണ്ണാടകത്തിൽ ഇത്തരത്തിലുള്ള കാവുകൾ ഉണ്ട്. കാസർഗോഡ് തുളുനാട് എന്ന സ്ഥലത്ത് ആലട എന്നാണ് സർപ്പക്കാവുകളെ പറയുന്നത്. 'ശരണ്യ' എന്നാണ് ബിഹാറിൽ പറയുന്നത്. അപ്പോൾ, ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും കാവുണ്ട്.

**ക്ഷേത്രവത്കരണമാണ് കാവുകളെ നശിപ്പിക്കുന്നത് എന്നൊരു പ്രസ്താവന താങ്കളുടെ പുസ്തകത്തിലുണ്ട്. ഇത് പൂർണ്ണമായും ശരിയാണോ? ക്ഷേത്രങ്ങൾ കാവുകളെ സംരക്ഷിക്കുകയല്ല ചെയ്യുന്നത്?**

കാടിന്റെ അവശേഷിപ്പാണ് കാവുകൾ. പക്ഷെ ഇന്ന് നമ്മൾ കാവുകൾ എന്ന പറയുന്നിടത്ത് കാടുണ്ടോ? തൃശ്ശൂർ പാറമേക്കാവ്........അവിടെ കാടുണ്ടോ? പക്ഷെ പറയുമ്പോൾ കാവ് എന്നാണ് പറയുന്നത്. ക്ഷേത്രം ദിവസപൂജയുള്ളതാണ്. തെയ്യം, തീയാട്ട്, മുടിയേറ്റ്, ഒക്കെ ക്ഷേത്രങ്ങളിൽ നടക്കുന്നു. നേരത്തെയുണ്ടായിരുന്ന മരങ്ങൾ കൂടി വെട്ടി നശിപ്പിച്ചിട്ടാണ് പല ചടങ്ങുകളും. ക്ഷേത്രമാവുമ്പോൾ കാടില്ലാതാവുന്ന ഒരവസ്ഥയുണ്ട്.

**കാവുകളിലെ ചിതൽപ്പുറ്റുകൾ നല്ലൊരു ഇടിമിന്നൽ പ്രതിരോധകമാണ് എന്ന് വായിച്ചിരുന്നു. ഇതിനെപറ്റി വിശദീകരിക്കാമോ?**

ശാസ്ത്രീയമാണ് എന്ന രൂപത്തിൽ പല കാര്യങ്ങളും വരാറുണ്ട്.ഈ പറഞ്ഞകാര്യത്തിൽ ശാസ്ത്രീയമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. ഇടിമിന്നൽ അപകടത്തെക്കാൾ കൂടുതൽ ഗുണമാണ് ചെയ്യുന്നത്. അന്തരീക്ഷത്തിലെ നൈട്രജൻ ഭൂമിയിലേക്കെത്തിക്കുന്നത് ഇടിമിന്നലാണ്. ചിതൽപുറ്റ് എന്ന് പറയുന്നതും ഭൂമിയിലെ ഏറ്റവും വലിയ അനുഗ്രഹമാണ്. ചിതൽപുറ്റുകളുടെ ഉള്ളിൽ കൂണുകളുടെ വിത്തുകളുണ്ടാവും. ചിതലിന്റെ കൂട് ഒരു ലോകമാണ്. ഒരുപാട് ബാക്ടീരിയകളും സൂഷ്മജീവികളും ഉണ്ട്. അങ്ങനെ കുറേ പ്രത്യേകതകൾ ഉണ്ട്. പക്ഷെ ഈ പറഞ്ഞ ശാസ്ത്രത്തെക്കുറിച്ച് ഞാൻ വായിച്ചിട്ടില്ല.

അതുകൊണ്ട് നിങ്ങൾ വായിക്കുമ്പോൾ ആ അറിവിന് ശാസ്ത്രീയമായ അടിത്തറയുണ്ടോ എന്നു കൂടി നോക്കണം.

## കാവ് കാടിനെപ്പോലെ, അല്ലെങ്കിൽ കാടിനേക്കാൾ ഉപരി, പ്രകൃതിയെ ശുദ്ധീകരിക്കുന്നു എന്ന് പറയുമ്പോഴും അതിനെ ഹിന്ദുത്വത്തിന്റെ പ്രതീകമായല്ലേ നമ്മളിൽ പലരും കാണുന്നത്?

പല വിശ്വാസങ്ങളുണ്ട്. നമുക്ക് ഒരു പച്ചത്തുരുത്തുണ്ടാവണം. അത് ഏത് വിശ്വാസത്തിന്റെ പേരിലായാലും കുഴപ്പമില്ല. മുസ്ലീം പള്ളികളുമായി ബന്ധപ്പെട്ടിട്ട് കാവുകളുണ്ട്. കേരളത്തിൽ തന്നെ, കണ്ണൂർ കാസർഗോഡ് ജില്ലയിലെ ഏഴോളം സ്ഥലങ്ങളിൽ ഇസ്ലാമിക വിശ്വാസവുമായി ബന്ധപ്പെട്ട കാവുകൾ- എന്നു നമുക്ക് പറയാൻ പറ്റുമോ എന്നറിയില്ല- sacred groves ഉണ്ട്. മനുഷ്യാധിവാസ കേന്ദ്രത്തിനു നടുവിലുള്ള ഒരു പച്ചത്തുരുത്താണ് കാവ്. അതുകൊണ്ട് 'ഗ്രാമത്തിന്റെ ശ്വാസകോശമാണ്' എന്നു പറയാൻ ഒരു കാട് ചെയ്യുന്ന സേവനങ്ങൾ കാവും ചെയ്യുന്നുണ്ട്. കാടിനേക്കാൾ എന്നു പറയേണ്ടതില്ല, കാടിനെപ്പോലെ തന്നെ പ്രാധാന്യം വരുന്നത് നമ്മൾ ജീവിക്കുന്നതിന്റെ തൊട്ടടുത്തായതുകൊണ്ടാണ്. മറ്റൊന്ന്,കാട്ടിലില്ലാത്ത ചില സൂക്ഷ്മ ആവാസങ്ങൾ(micro habitat) കാവിനകത്തുണ്ട്.

## എട്ടാം ക്ലാസ്സിലെ 'രണ്ടു മത്സ്യങ്ങൾ' എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട 'ശ്രുലാപ്പ് കാവ്' സാങ്കല്പികമാണെന്ന ധാരണയായിരുന്നു ഞങ്ങൾക്ക്. സാർ ആ കാവ് നേരിട്ട് കണ്ടിട്ടുണ്ടോ?

അംബികാസുതൻ മാഷ് എന്റെ അടുത്ത സുഹൃത്താണ്. എൻഡോസൽഫാനെതിരായ സമരങ്ങളിൽ ഒന്നിച്ച് പങ്കെടുത്തിട്ടുണ്ട്. പരിസ്ഥിതിയെക്കുറിച്ച് ഏറ്റവും കൂടുതൽ കഥകളെഴുതിയ ആളാണ്. 'രണ്ടു മത്സ്യങ്ങൾ' സാങ്കല്പികമായ ഒരു കഥയാണ്. ശ്രുലാപ്പ്കാവ് എന്നു പറയുന്നത് വളരെ ചെറിയൊരു കാവാണ്. ചുറ്റും കല്ലുവെട്ടാൻകുഴികൾ ഉള്ള ഒരു കാവാണ്. ഒരുകാലത്തു നല്ല അരുവികളൊക്കെ ഉത്ഭവിച്ച ഒരു കാവാണ്. നെട്ടുംച്ചൂരി മത്സ്യം എന്നു പറയുന്നത് ശ്രുലാപ്പ്കാവിൽ മാത്രമല്ല, എല്ലാ വെള്ളക്കെട്ടുകളിലും വളരെ സാധാരണമായി കാണപ്പെടുന്ന ഒരു പരലാണ്. അതിന്റെ പ്രത്യേകത, ഒഴുക്കിനെതിരെ നീന്തുന്നു എന്നതാണ്. അത് മഴക്കാലാരംഭത്തിൽ മുട്ടയിടാൻ വേണ്ടി പോകുന്നതാണ്. അതൊരു സത്യമാണ്. കഥ ഭാവനയാണ്. കാസർഗോഡ് ജില്ലയിലെ ചീമേനിക്കടുത്തുള്ള ഒരു കാവാണ് ശ്രുലാപ്പ് കാവ് ആ കാവിൽ ഞാൻ ധാരാളമായി പോയിട്ടുണ്ട്. ഏറ്റവും പണ്ടുള്ള ശ്രുലാപ്പ് കാവ് കാണണമെങ്കിൽ നിങ്ങൾ കാണേണ്ടത് ചലച്ചിത്രകാരൻ അരവിന്ദന്റെ 'കുമ്മാട്ടി' എന്ന സിനിമയുണ്ട്. കുട്ടികൾക്ക് വേണ്ടി 1979 ൽ ഉണ്ടാക്കിയ സിനിമയാണ്. ശ്രുലാപ്പുകാവും ചീമേനി ഗ്രാമവുമാണ് അതിന്റെ ലൊക്കേഷൻ.

## താഴേക്കാവ് കേരളത്തിലെ ഏക കണ്ടൽക്കാവ് ആണെന്ന് പറഞ്ഞിട്ടുണ്ട്. എന്താണീ കണ്ടൽക്കാവ്?

അത് 'കണ്ടൽക്കാവ്' എന്നാണ്. 'ഉത്തരകേരളത്തിലെ വിശുദ്ധവനങ്ങൾ' എന്ന പുസ്തകത്തിലെ ഒരു അച്ചടിപ്പിശകാണ് അത്. അടുത്തതിൽ തിരുത്തുന്നതാണ്. കണ്ണൂർജില്ലയിലെ താഴേക്കാവ് 'കൽക്കാവ്'അല്ല, കണ്ടൽക്കാവ് ആണ്.

## അധിനിവേശ സസ്യങ്ങൾ കേരളത്തിലെ കാവുകളെ കീഴടക്കുമോ?

എന്താണ് അധിനിവേശ സസ്യങ്ങൾ? കടന്നു കയറുന്ന സസ്യങ്ങൾ. ചെമ്പരത്തി ചൈനയിൽ നിന്നു വന്നതാണ്. പപ്പായ, കൈതച്ചക്ക, കശുമാവ്, റബ്ബർ എല്ലാം വന്നതാണ്. പക്ഷേ, അവയെ നമ്മൾ അധിനിവേശ സസ്യങ്ങൾ എന്ന് പറയാറില്ല. ഒരാവാസവ്യവസ്ഥയിൽ നമ്മളറിയാതെ എത്തിപ്പെട്ടിട്ട് അവിടത്തെ മുഴുവൻ എണ്ണത്തിനെയും വരിഞ്ഞു മുറുക്കി മറ്റുള്ളതിനെ വളരാൻ വിടാത്തതിനെയാണ് നമ്മൾ അധിനിവേശ സസ്യം എന്നു പറയുന്നത്. അറബിയുടെയും ഒട്ടകത്തിന്റെയും കഥ പോലെ "കമ്മ്യൂണിസ്റ്റ് പച്ച" യാണ് ഒരു കാലത്ത് അധിനിവേശ സസ്യമായിരുന്നത്. ഇപ്പോൾ ഏറ്റവും ഭീകരമായി വളരുന്നത് 'ധൃതരാഷ്ട്രപച്ച' എന്ന ചെടിയാണ്. mikania എന്ന ചെടിക്ക് ധൃതരാഷ്ട്രപച്ച എന്ന പേര് ആദ്യമായി ഉപയോഗിക്കുന്നത് ഈ കാവുപുസ്തകത്തിലാണ്. 9 വർഷം മുമ്പ് അധിനിവേശ സസ്യങ്ങളിൽ മൈക്കാനിയ, അക്കേഷ്യ എന്നിവയൊക്കെ നമ്മുടെ കാവുകളിൽ അധിനിവേശം നടത്തിയിട്ടുണ്ട്. കീഴടക്കുമോ എന്നു ചോദിച്ചാൽ, സത്യത്തിൽ കേരളം തന്നെ കീഴടക്കി കഴിഞ്ഞിരിക്കുകയാണ് കാട് ക്ഷയിക്കുമ്പോഴാണ് അധിനിവേശ സസ്യങ്ങൾ ആധിപത്യം സ്ഥാപിക്കുന്നത്. നമ്മുടെ കാവുകളിൽ ഉള്ള മരങ്ങളുടെ വിത്തുകൾ കൂടുതൽ മുളപ്പിക്കണം. അങ്ങനെയെങ്കിൽ അധിനിവേശ സസ്യങ്ങൾ വളരില്ല. താനിരിക്കുന്നിടത്ത് താനിരുന്നില്ലെങ്കിലാണ് മറ്റുള്ളവർ ഇരിക്കുക.

## നിത്യഹരിത വനങ്ങൾ ഇല കൊഴിയും കാടുകളായി മാറുന്നു എന്ന് സാർ പറഞ്ഞിരുന്നല്ലോ? കേരളത്തിലെ അവസ്ഥ എന്താണ്?

നിത്യഹരിത വനങ്ങൾക്ക് ശോഷണം നേരിട്ടിട്ട് അത് ഇലകൊഴിയും മരങ്ങളായി മാറും. നിത്യഹരിതവനങ്ങൾക്കകത്ത് മനുഷ്യൻ നിരന്തരം കയറുകയോ, തീയിടുകയോ കാലിമേയ്ക്കുകയോ ഒക്കെ ചെയ്താൽ അവിടെ വേനലിലും ചൂടിനെ പ്രതിരോധിക്കുന്ന ഉൽക്കാടുകളും മരുത്, ഇരുമുള്ള് പോലെയുള്ള മരങ്ങളും കൂടുതലായി വളരും. അതിനെയാണ് നമ്മൾ ഇലപൊഴിയും മരങ്ങൾ എന്നു പറയുന്നത്. തേക്ക് ഒരു ഇലപൊഴിയും മരമാണ്. അങ്ങനെ, കാവിലെ നനവു പോവുക, അവിടുത്തെ മൈക്രോക്ലൈമറ്റ് മാറുമ്പോൾ അത് ഇലകൊഴിയും മരങ്ങളായി മാറുക.

## കാവുകളിൽനിന്ന് ആളുകൾ ഉണങ്ങിയ ഇലകൾ കൊണ്ടുപോകുന്നത് കാവിനെ എങ്ങനെ ബാധിക്കും?

'ഒന്നു ചീഞ്ഞു മറ്റൊന്നിന് വളം' അല്ലേ ?' അപ്പോ വളം കുറയുന്നു. ഇലകളെല്ലാം വീണ് ഒരു പുതപ്പുണ്ടാവുമ്പോൾ ആ നനവിൽ മാത്രമേ ചില വിത്തുകൾ മുളയ്ക്കുകയുള്ളൂ. ചിലപ്പോൾ ഇലകളുടെ കൂടെ വിത്തുകളടക്കം കത്തിക്കാൻ കൊണ്ടുപോകും. ഇലകൾ അഴുകിക്കഴിയുമ്പോൾ അതിൽ മണ്ണിരയും മറ്റു നിരവധി ജീവികൾ ഉണ്ടാവും. പിന്നെ ഇലപ്പുതപ്പുകളുള്ള സ്ഥലങ്ങളിൽ ഓർക്കിഡുകൾ ഉണ്ടാവും. ഏറ്റവും വലിയ പ്രാധാന്യം എന്ന് പറയുന്നത് വെള്ളം പിടിച്ചു നിർത്തുന്ന സ്പോഞ്ച് ആണ് ഇലപ്പുതപ്പ്. അപ്പോൾ കാവിനകത്തു പെയ്യുന്ന മഴയെ, കുത്തിയൊലിച്ചു പോകാതെ അരിച്ചരിച്ചു വിടുന്നത് അഴുകിയ ഇലകളാണ്. ഇലകൾ പോയാൽ മണ്ണിന്റെ ഫലപുഷ്ടി കുറയും .

## ഇന്നത്തെ തലമുറയ്ക്ക് കാവെന്ന പദം തന്നെ അപരിചതമാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരാൻ എന്തൊക്ക ചെയ്യാൻ സാധിക്കും?

കാവ് എന്ന പദം മാത്രമല്ല, കാട് എന്ന പദവും പ്രകൃതി എന്ന പദവും അപരിചിതമാണ്. അപരിചിതമായതിനെ പരിചയപ്പെടാൻ അതിനെ കാണുക, പഠിക്കുക, അതിനോടൊപ്പം നമ്മൾ മനസിനകത്തൊരു മരം നടുക. മനസിനകത്തൊരു കാവു വളർത്തുക പിന്നെ പുസ്തകങ്ങൾ വായിക്കുക പ്രകൃത്തി സംബന്ധമായി
ഏത് പുസ്തകം വായിച്ചാലും ആ അനുഭവങ്ങൾ നിങ്ങളുടെ ഉള്ളിൽ നഷ്ടപ്പെട്ടതെന്താണെന്ന് മനസിലാക്കാനെങ്കിലും സാധിക്കും. നിങ്ങളിന്ന് ആഗോളതാപനമൊക്കെ അനുഭവിക്കുന്നത് നിങ്ങൾ ചെയ്ത പ്രവൃത്തികൾ കൊണ്ടാണോ? നമുക്കു മുമ്പേ തലമുറകളുടെ ചെയ്തികളുടെ ഫലമാണത്. നമ്മളിപ്പോൾ ചെയ്യുന്നത് വരും തലമുറയ്ക്ക് വേണ്ടിയാണ്.

## മിയാവാക്കിയേക്കുറിച്ചുള്ള അഭിപ്രായം എന്താണ്?

മിയാവാക്കി ജപ്പാനിലെ ഒരു സസ്യ ശാസ്ത്രജ്ഞനാണ്. മിയാവാക്കി വനങ്ങളെക്കുറിച്ചല്ലേ ചോദിച്ചത്? ഒരു സ്ക്വയർ ഫീറ്റ് മിയാവാക്കി ഉണ്ടാക്കണമെങ്കിൽ 550 രൂപ വേണം 1000 സ്ക്വയർ ഫീറ്റ് മിയാവാക്കിയുണ്ടാക്കണമെങ്കിൽ മൂന്നുലക്ഷത്തിഎഴുപത്തയ്യായിരം രൂപ പ്രാരംഭ ചെലവുവരും. പിന്നെ മൂന്നുവർഷത്തേക്ക് അത് സംരക്ഷിക്കാനുള്ള ചെലവ്. 6 ലക്ഷത്തിൽ കൂടുതൽ രൂപ ഇതിന് ചെലവുവരും. 6 ലക്ഷം രൂപയുണ്ടെങ്കിൽ ആതുകയ്ക്ക് സ്ഥലമെടുത്തു വെറുതെയിട്ടാൽ കാടു വളരും. പിന്നെ വലിയ തോതിൽ ഇതിന് വളം വേണം. ചാണകപ്പൊടി, ചകിരി , ഒക്കെ ഇട്ട് നനവു നിർത്തിയാണ് മിയാവാക്കിയുണ്ടാക്കുന്നത്. ' മിയാവാക്കി ' പെട്ടെന്ന് വളരും പക്ഷെ ആയുസ്സ് കുറവാണ്. ചുരുക്കി പറഞ്ഞാൽ മിയാവാക്കി ഒരു complan boy യോ complan girl ഓ ആണ്.പെട്ടെന്നു വളർന്നു പെട്ടെന്നു നശിക്കും .

# എ .പി .ജെ  അബ്ദുൽ കലാം

മനുഷ്യകുലത്തിനു ലഭിച്ചിരിക്കുന്ന സുന്ദരമായ സമ്മാനമാണ് സയൻസ് .
അതിനെ വികൃതമാക്കരുത് .
കുട്ടികൾ വ്യത്യസ്തരാകാൻ വേണ്ടി മത്സരിക്കുമ്പോൾ അവർക്കു ചുറ്റുമുള്ള ലോകം എല്ലാ വിധത്തിലും അവരെ മറ്റുള്ളവരെപ്പോലെയാക്കാൻ ശ്രമിക്കുകയാണ് .

യുവാക്കൾക്കുള്ള എന്റെ സന്ദേശം വ്യത്യസ്തമായി ചിന്തിക്കുക ,സ്വയം കണ്ടെത്താനുള്ള ധൈര്യം കാണിക്കുക ,പുതുവഴികളിലൂടെ സഞ്ചരിക്കുക ,അസാധ്യമായതിനെ കണ്ടെത്താനും പ്രശ്നങ്ങളെ കീഴ്പ്പെടുത്താനുമുള്ള ധൈര്യം കൈവരിച്ചു വിജയിക്കുക .

സ്വപ്നം കാണുക ,ഊർജ്ജത്തോടെ പ്രവർത്തിക്കുക .

മനുഷ്യനെ ദൈവത്തിൽ നിന്നകറ്റാനുള്ളതാണ് ശാസ്ത്രമെന്നു ചിലർ പറയുമമ്പോൾ അത്ഭുതം തോന്നാറുണ്ട് .എനിക്ക് ശാസ്ത്രം ആത്മ സാക്ഷാത്ക്കാരത്തിന്റെയും ആത്മീയ സമ്പൂർണതയുടെയും മാർഗം മാത്രമാണ്.

പരാജയപ്പെട്ടാൽ ഒരിക്കലും പിന്മാറരുത് .പരാജയം വിജയത്തിന്റെ മുന്നോടിയാണ്.

*******************


THANK
YOU